## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7472 — 17.07.2012 ൽ മറുപടിയ്ക്ക്

## ഉത്തേജന പലിശ ഇളവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക വായ്പ എടുത്ത കർഷകരെ സഹായിക്കാനുള്ള ഉത്തേജന പലിശ ഇളവ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>(ബി) ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരമുള്ള ധനസഹായം കർഷകർക്ക് ലഭ്യമായി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) & (ബി) നടപടികൾ സ്വീകരിച്ചു വരുന്നു.<br>സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് ഉത്തേജന പലിശയിളവ് പ്രകാരം 5% പലിശയിളവ് അനുവദിക്കുന്നതിലേയ്ക്കായി 1 കോടി രൂപ 2011-12 സാമ്പത്തിക വർഷത്തിൽ മാർച്ച് മാസത്തിലെ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തുകയും അതിൻപ്രകാരം 1 കോടി രൂപ 30.3.2012 ലെ ജി.ഒ. (ആർ.റ്റി) 237/12/ധന നം. സർക്കാർ ഉത്തരവ് പ്രകാരം പിൻവലിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച കരട് ചട്ടം സർക്കാരിന്റെ പരിശോധനയിലാണ്. പ്രസ്തുത ചട്ടങ്ങൾ രൂപീകരിച്ച് അതനുസരിച്ച് മാത്രമേ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ